**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**

വിഷയം:- നഗര ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം- മലപ്പുറം ജില്ല- എടയൂർ ഗ്രാമ പഞ്ചായത്ത്- പെട്രോൾ പമ്പ് നിർമ്മാണം- ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകൻറെ 01/08/2019-ലെ എ 3/1384/2019 നമ്പർ കത്ത്.
2. എടയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10/06/2019-ലെ എ 3/1714/19 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/1903/2019-C2 തീയതി: **01/10/2019**

---

മലപ്പുറം ജില്ലയിൽ എടയൂർ ഗ്രാമപഞ്ചായത്തിൽ എടയൂർ വില്ലേജിൽ പഴയ സർവ്വേ നമ്പർ 232/10-6, 232/11-10, 232/10-21, 232/12-21 എന്നിവയിൽ ഉൾപ്പെട്ട 1073 ച.മീ വിസ്തീർണമുള്ള സ്ഥലത്തു 148.28 ച.മീ (Sales Building -36.26 ച.മീ + Canopy Area -112 ച.മീ) വിസ്തീർണമുള്ളതും group-I ഗണത്തിൽ ഉൾപ്പെടുന്നതുമായ പെട്രോൾ പമ്പ് നിർമിക്കുന്നതിന് ലേ ഔട്ട് അംഗീകാരത്തിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ സജന & കിരൺ എന്നിവരുടെ അപേക്ഷ പരിശോധിച്ചതിൽ KPBR 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
2. KPBR 2011-ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ അതിരുകൾ , അളവുകൾ, പ്രമാണം, ആധികാരികത എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. KPBR 2011 ലെ ചട്ടം 61(6). പ്രകാരം അഗ്നി രക്ഷാ വകുപ്പിൽ നിന്നും, 61(5) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.
4. ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനു മുമ്പ് ചട്ടം 61(9) പ്രകാരം ജില്ല കളക്ടറിൽനിന്നും, പി.ഡബ്ല്യ.ഡി അധികാരികളിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
5. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് കനോപ്പിയിൽ നിന്നും ചട്ടം 61(12) പ്രകാരം 3.00 മീ. അകലം പാലിക്കുന്നുണ്ടെന്നും പരസ്യ ബോർഡ് സ്ഥാപിക്കുന്ന മുറയ്ക്ക് ആയത് സൈറ്റ് ഡിസ്റ്റൻസിനെ ബാധിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.
6. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് ചട്ടം 61(8) പ്രകാരമുള്ള ശുചീകരണ

സൗകര്യങ്ങൾ, 61(7) പ്രകാരം അഗ്നി സുരക്ഷ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. Storm water drainage സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. ചട്ടം 61(1) പ്രകാരം ചില്ലറ വിതരണ യൂണിറ്റിൽ നിന്നും 7.50 മീ. തുറസ്സായ സ്ഥലം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 98/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി,
എടയൂർ ഗ്രാമ പഞ്ചായത്ത്.

പകർപ്പ്:-

1. Sajana

   W/o Rajeev,
   Channethodi House,
   Edayur, Edayur (PO),
   Malappuram- 676552.
2. നഗരാസൂത്രകൻ, മലപ്പുറം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.